5691/എച്ച്/2018/കെ. എസ്. എച്ച്. ഒ. 05.06.2018

# സർക്കുലർ

വിഷയം : കുടുംബശ്രീ - ട്രൈബൽ ജെ. എൽ. ജി. ട്രൈബൽ ജീവ രൂപീകരണം മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്

കൃഷിയിൽ താൽപര്യമുള്ള പട്ടിക വർഗ്ഗ വനിതകളെ കൂട്ടുത്തരവാദിത്വമുള്ള സംഘങ്ങളായി (ട്രൈബൽ ജെ. എൽ. ജി. കൾ) രൂപീകരിച്ചു വൈദഗ്ദ്ധ്യ പരിശീലനം നൽകി സുസ്ഥിര ക്ഷേമവും അധിക വരുമാനവും ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ട്രൈബൽ ജെ. എൽ. ജി. കളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനും വേണ്ടി രൂപീകരിക്കുന്ന ടീമാണ് ട്രൈബൽ ജീവ.

**ട്രൈബൽ ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**

- എല്ലാ അംഗങ്ങളും പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവരായിരിക്കണം.
- ഒന്നോ അതിലധികമോ അയൽക്കൂട്ടങ്ങളിൽ നിന്നുള്ള 4 - 10 അംഗങ്ങൾ.
- പ്രസിഡന്റിനെയും, സെക്രട്ടറിയേയും ഗ്രൂപ്പ് തിരഞ്ഞെടുക്കുകയും അവരുടെ പേരിലുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും വേണം. ഓരോ ട്രൈബൽ ജെ. എൽ.ജി. ക്കും സീൽ നിർബന്ധം.
- ട്രൈബൽ ജെ.എൽ.ജി.കൾ സി ഡി എസ്സിൽ രജിസ്റ്റർ ചെയ്യുകയും ഓരോ വർഷവും അഫിലിയേഷൻ നടത്തേണ്ടതുമാണ്.
- ട്രൈബൽ ജെ.എൽ.ജി. കൾ എല്ലാ മാസവും കുറഞ്ഞത് 2 തവണ മീറ്റിംഗ് കൂടുകയും മീറ്റിംഗിന്റെ മിനിട്സ്, വരവു ചെലവു കണക്കുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതുമാണ്.
- തിരിച്ചറിയൽ ബോർഡ് കൃഷിയിടത്തിൽ നിർബന്ധമായും പ്രദർശിപ്പിച്ചിരിക്കണം.

**ട്രൈബൽ ജീവ - തെരഞ്ഞെടുക്കൽ**

- 10 ട്രൈബൽ ജെ.എൽ.ജി കൾക്ക് 1 ട്രൈബൽ ജീവ എന്ന രീതിയിലാണ് ജില്ലാമിഷൻ തിരഞ്ഞെടുക്കേണ്ടത്.
- നിലവിൽ കൃഷിചെയ്യുന്നതും 3 വർഷത്തെ കൃഷി പരിചയവുമുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജെ.എൽ.ജി അംഗങ്ങളിൽ നിന്നും ജില്ലാമിഷൻ അഭിമുഖം നടത്തി തിരഞ്ഞെടുക്കേണ്ടതാണ്. പരമ്പരാഗത കൃഷിയിൽ പരിചയമുള്ളവർക്ക് മുൻഗണന.
- തിരഞ്ഞെടുപ്പ് പ്രക്രിയ പൂർണ്ണമായി എം.കെ.എസ്.പി, എസ്.ടി ചുമതലയുള്ള എ.ഡി.എം.സി മാർ, ഡി.പി.എം മാർ എന്നിവരിൽ നിക്ഷിപ്തമായിരിക്കും.
- ട്രൈബൽ ജീവയെ തിരഞ്ഞെടുക്കുമ്പോൾ ക്ലാസെടുക്കുവാൻ നൈപുണ്യമുള്ളവർക്കും, നേതൃപാടവമുള്ളവർക്കും മുൻഗണന നൽകേണ്ടതാണ്.
- യാത്ര ചെയ്യുവാനും പരിശീലന പരിപാടികളിൽ പങ്കെടുക്കുവാനും ജെ.എൽ.ജി കൾ വിസിറ്റ് ചെയ്യുവാനും താൽപര്യമുള്ളവരെ തിരഞ്ഞെടുക്കേണ്ടതാണ്.
- ട്രൈബൽ ജീവ ടീം ജില്ലാമിഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതും, ടീമിന്റെ പേരിൽ ജോയിന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതുമാണ്.

**പരിശീലനങ്ങൾ**

തിരഞ്ഞെടുത്ത ജീവയ്ക്ക് ജില്ലാമിഷന്റെ നേതൃത്വത്തിൽ 2 ദിവസത്തെ പരിശീലനം നൽകേണ്ടതാണ്. കൃഷി, മൃഗപരിപാലനം, മോണിറ്ററിംഗ്, മാനേജ്മെന്റ്, വിവരശേഖരണം, പരമ്പരാഗതകൃഷി രീതികൾ എന്നിവയിൽ പരിശീലനം നൽകേണ്ടതാണ്. പരിശീലനം ജില്ലാതലത്തിൽ സംഘടിപ്പിക്കുകയും എം.കെ.എസ്.പി/ എസ്.ടി ഡി.പി.എം, ബി.സി, എസ്.ടി. ആർ.പി മാർ, കാർഷിക മേഖലയിലെ വിദഗ്ദ്ധർ എന്നിവർ പരിശീലനം നൽകേണ്ടതാണ്. ടി. പരിശീലനത്തിനായി ഒരാൾക്ക് പരമാവധി (ഹോണറേറിയം, മറ്റു പരിശീലന ചിലവുകൾ ഉൾപ്പടെ ) 400/ രൂപ എൻ. ആർ. എൽ. എം. B2.2.5 എന്ന ഉപശീർഷകത്തിൽ നിന്നും ചിലവാക്കാവുന്നതാണ്.

**ട്രൈബൽ ജീവ പ്രവർത്തനങ്ങൾ**

- ട്രൈബൽ മേഖലയിൽ കൂടുതൽ ജെ.എൽ.ജി കൾ എസ്.ടി അനിമേറ്റർമാരുമായി ചേർന്ന് രൂപീകരിക്കുക
- ട്രൈബൽ ജെ.എൽ.ജി കൾക്ക് ആവശ്യമായ പരിശീലനങ്ങൾ/സഹായങ്ങൾ നൽകുക.
- റിവോൾവിംഗ് ഫണ്ട്, ഇൻസെന്റീവുകൾ, സബ്സിഡികൾ എന്നിവയ്ക്കുള്ള അപേക്ഷ എസ്.ടി. അനിമേറ്റർമാരുടെ സഹായത്തോടെ ട്രൈബൽ ജീവ ശേഖരിക്കേണ്ടതും ബ്ലോക്ക് കോർഡിനേറ്റർക്കു നൽകേണ്ടതുമാണ്. ബ്ലോക്ക് കോർഡിനേറ്ററുടെ സഹായത്തോടെ യഥാസമയം ട്രൈബൽ ജെ.എൽ.ജി കൾക്ക് വേണ്ട ഫണ്ട് ജില്ലാ മിഷനിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.
- മാസത്തിൽ ഒരു ദിവസം ട്രൈബൽ ജെ.എൽ.ജി കളുടെ കൃഷി സന്ദർശിച്ച് കൃഷിയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
- ട്രൈബൽ ജെ.എൽ.ജി കളുടെ മിനിട്സ്, രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കാൻ സഹായിക്കുക.
- നാട്ടുചന്തകളിൽ കാർഷികോൽപ്പന്നങ്ങൾ എത്തിക്കുക.
- ട്രൈബൽ ജെ.എൽ.ജി കളുടെ റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് ഉറപ്പുവരുത്തുക.
- ബയോ ഫാർമസി യൂണിറ്റുകൾ സ്ഥാപിക്കുക.

**ധനവിനിയോഗം**

ജീവാ ടീം അംഗം ജില്ലാതല പരിശീലനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 200/-രൂപ ഹോണറേറിയവും യഥാർത്ഥ യാത്രാബത്തയും പരമാവധി 300/-രൂപ വരെ നൽകാവുന്നതാണ്. ടി. തുക എൻ. ആർ. എൽ. എം. B2.2.5 എന്ന ഉപശീർഷകത്തിൽ നിന്നും ചിലവാക്കാവുന്നതാണ്.

**സി.ഡി. എസ്സിന്റെ ചുമതലകൾ**

- ജീവയ്ക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ലഭ്യമാക്കുക.
- ജീവയ്ക്ക് വേണ്ടി പ്രത്യേക അറ്റൻഡൻസ് വയ്ക്കേണ്ടതും ഇതിന്റെ കോപ്പി ബ്ലോക്ക് കോർഡിനേറ്റർമാർ മുഖാന്തരം ജില്ലാമിഷനിൽ എത്തിക്കേണ്ടതുമാണ്.
- റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് ഉറപ്പുവരുത്തുക

- ട്രൈബൽ ജെ.എൽ.ജി കളുടെ മീറ്റിംഗുകൾ എല്ലാ മാസവും എസ്.ടി അനിമേറ്റർ, എസ്.ടി പ്രൊമോട്ടർ, ബി.സി, ട്രൈബൽ ജീവ എന്നിവരുടെ സാന്നിധ്യത്തിൽ സംഘടിപ്പിക്കുക.

**റിവോൾവിംഗ് ഫണ്ട്**

- പുതുതായി സി ഡി എസ്സിൽ രജിസ്റ്റർ ചെയ്തു ബാങ്ക് അക്കൗണ്ട് എടുത്ത ട്രൈബൽ ജെ. എൽ. ജി. കൾക്കാണ് റിവോൾവിംഗ് ഫണ്ടിന് അർഹത.
- പരമാവധി 10 ,000 രൂപയാണ് റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നത്.
- റിവോൾവിംഗ് ഫണ്ടിന് അപേക്ഷിക്കുന്ന ട്രൈബൽ ജെ. എൽ. ജി.കളെ ട്രൈബൽ ജീവ സന്ദർശിച്ചു അർഹതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തി സി.ഡി.എസ് വഴി ജില്ലാ മിഷനിൽ എത്തിക്കേണ്ടതാണ് (അനുബന്ധം I).
- ട്രൈബൽ ജെ. എൽ. ജിയ്ക്ക് ആവശ്യമായ റിവോൾവിംഗ് ഫണ്ട് ജില്ലാമിഷനിൽ നിന്നും സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും അതുവഴി ഗ്രൂപ്പിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്. ടി. തുക എം. കെ. എസ്. പി. കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് ശീർഷകത്തിലെ റിവോൾവിംഗ് ഫണ്ട് ഫോർ ട്രൈബൽസ് ഉപശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.
- റിവോൾവിംഗ് ഫണ്ട് അനുവദിച്ച കൃഷി കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് (പരമാവധി 6 മാസം) തുക സി. ഡി. എസ്. അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.
- ട്രൈബൽ ജെ. എൽ. ജി. കളുടെ റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച രേഖകൾ പ്രത്യേക ഫയൽ ആയി ജില്ലാ മിഷനിൽ സൂക്ഷിക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (അഗ്രി)**

അനുബന്ധം I

## കുടുംബശ്രീ

## റിവോൾവിംഗ് ഫണ്ടിനുള്ള അപേക്ഷ

ട്രൈബൽ ജെ. എൽ.ജി. യുടെ പേര് :

യു.ഐ. ഡി. നമ്പർ :

ആരംഭിച്ച വർഷം :

ബാങ്ക് അക്കൗണ്ട് നമ്പർ :

പ്രസിഡന്റിന്റെ പേര് ഫോൺ നമ്പർ :

സെക്രട്ടറി യുടെ പേര് ഫോൺ നമ്പർ :

സി.ഡി.എസ്സി ന്റെ പേര് :

**ട്രൈബൽ ജെ.എൽ.ജി. അംഗങ്ങളുടെ പൊതുവിവരങ്ങൾ**

| ക്രമ നമ്പർ | അംഗങ്ങളുടെ പേര് | വയസ്സ് | വിഭാഗം | അംഗമായ അയൽക്കൂട്ടത്തിന്റെ പേര് |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

കൃഷി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം : പാട്ടം/ ജെ. എൽ. ജി അംഗത്തിന്റെ ഭൂമി/ജെ. എൽ. ജി യുടെ സ്വന്തം ഭൂമി

കൃഷി ചെയ്യുന്ന ഭൂമിയുടെ ആകെ വിസ്തീർണ്ണനം (സെന്റിൽ) :

| ക്രമ നമ്പർ | വിള | വിസ്തീർണ്ണനം (സെന്റിൽ) |
|---|---|---|
| പ്രധാന വിള | | |
| | | |
| | | |

| മറ്റു വിളകൾ / ഇടവിളകൾ | | |
|---|---|---|
| | | |
| | | |
| **ആകെ** | | |

മേൽ തന്നിട്ടുള്ള ...................................................... ജെ.എൽ.ജി. യുടെ വിവരങ്ങൾ ഫീൽഡ് സന്ദർശനം നടത്തി യാഥാർത്ഥ്യവും വസ്തുതാപരവുമായ കാര്യങ്ങളാണെന്നും റിവോൾവിംഗ് ഫണ്ട് അനുവദിക്കാൻ അർഹതയുള്ളവരാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**ഒപ്പ്**

**ബ്ലോക്ക് കോർഡിനേറ്ററുടെ പേര്**

**ഒപ്പ്**

**ജീവ അംഗത്തിന്റെ പേര്**

**സീൽ**

**സാക്ഷ്യപത്രം**

മേൽപറഞ്ഞ വിവരങ്ങൾ യാഥാർത്ഥ്യവും വസ്തുതാപരവുമാണെന്ന് ബോധ്യപ്പെട്ടതിനാൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കാൻ അർഹതയുള്ളവരാണെന്ന് സാക്ഷ്യപെടുത്തുന്നു.

**ഒപ്പ്**

**പേര്**

**സി ഡി എസ് ചെയർപേഴ്സൺ**